പോലീസ് വകുപ്പ്

കേരളം

**No. G2-29972/2025/K**
ജില്ലാ പോലീസ് ഓഫീസ്,
കോട്ടയം
✉spktym.pol@kerala.gov.in
☏04812562204
തീയതി. 24-09-2026

**ലേല പരസ്യം**

കോട്ടയം ജില്ലയിലെ കടുത്തുരുത്തി പോലീസ് സ്റ്റേഷൻ നിർമാണവുമായി ബന്ധപ്പെട്ട്, നിലവിലുള്ള വാസയോഗ്യമല്ലാത്ത കടുത്തുരുത്തി പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് (No. 417/6, 418/6, 405/6, 410/6, 419/6) കെട്ടിടങ്ങൾ 23.09.2026 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ) നം.3136/2026/HOME പ്രകാരം 09.10.2026 തിയതി പകൽ 11.00 മണിക്ക് പരസ്യമായി പൊതു ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ലേല തീയതിക്ക് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയങ്ങളിൽ കടുത്തുരുത്തി എസ് .എച് ഒ യുടെ അനുമതിയോടുകൂടി മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾ പരിശോധിക്കാവുന്നതും, ലേല ദിവസം ലേലസമയത്തിന് അര മണിക്കൂർ മുൻപേ നിശ്ചിത സ്ഥലത്ത് നേരിട്ട് ഹാജരായി 10,000/- രൂപ നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതുമാണ്. ലേലം കൈകൊള്ളാത്തവർക്ക് ലേലം കഴിഞ്ഞ ഉടൻതന്നെ നിരതദ്രവ്യം തിരികെ നൽകുന്നതുമാണ്.

കൂടുതൽ തുകക്ക് ലേലം വിളിക്കുന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതും ടിയാൻറെ നിരതദ്രവ്യം കിഴിച്ചുള്ള ബാക്കി ലേല തുകയും, ലേല തുകയുടെ 18% GST യും മറ്റു നിയമാനുസൃത നികുതികളും കൂടി അടക്കേണ്ടതാണ്.

ലേലം കൊണ്ട കെട്ടിടങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും രണ്ടാഴ് ച്ചക്കുള്ളിൽ പൊളിച്ചുകൊണ്ട് പോകേണ്ടതാണ്. തദവസരത്തിൽ, മറ്റ് കെട്ടിടങ്ങൾക്കോ മറ്റു മരങ്ങൾക്കോ യാതൊരുവിധ കേട് പാടുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞിട്ടുള്ള ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ടയാൾ അതുവരെ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ടി കെട്ടിടങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. ഇപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിന് നഷ്ടം സംഭവിക്കുന്ന പക്ഷം സർക്കാരിന് നഷ്ടമാകുന്ന തുക മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ അധിക ലേലത്തുകയിൽ മുൻപ് ലേലം കൊണ്ടയാൾക്ക് യാതൊരു വിധത്തിലുള്ള അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

യാതൊരു അറിയിപ്പും കൂടാതെ ലേലം മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കോട്ടയം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

സാബു മാത്യു കെ എം IPS
ജില്ലാ പോലീസ് മേധാവി

G2-29972/2025/K

8e3ffa

| | | |
|---|---|---|
| സ്വീകർത്താവ് | : | 1) സംസ്ഥാന പോലീസ് മേധാവി, കേരളം : അറിവിലേക്കായി (ആമുഖ കത്ത് സഹിതം) 2) എ ഡിജി പി ( എൽ & ഓ) : അറിവിലേക്കായി 3) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും : അറിവിലേക്കും വ്യാപക പരസ്യത്തിനായി 4) കോട്ടയം ജില്ലയിലെ എല്ലാ ഓഫീസർമാർക്കും : വ്യാപക പരസ്യത്തിനായി |
| പകർപ്പ് | : | 1.ലേല കമ്മിറ്റി അംഗങ്ങൾ, ഡി പി ഓ, കാഷ്യർ - അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി 2. മീഡിയ സെൽ : പത്രങ്ങളിൽ വിശാല പരസ്യം നൽകുന്നതിനായി |